# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 7**

---

## എംജിയിൽ പ്രഭാഷണം ഫെബ്രുവരി 9 ന്

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻറർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി (*IIUCNN*),*

*സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി എന്നിവ സംയുക്തമായി 'പ്ലാസ്മ അസിസ്റ്റഡ് നാനോമാറ്റീരിയൽസ് സിന്തസിസ്' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു.*

*ഫെബ്രുവരി 9 നു, ഉച്ചക്ക് 3:00 മണിക്ക് സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ നടക്കുന്ന ചടങ്ങിൽ ജെയിംസ് കുക്ക് സർവകലാശാല* (JCU) *സയൻസ് ആൻഡ് എഞ്ചിനിയറിംഗ് കോളേജിലെ റിസർച് എഡ്യൂക്കേഷന്റെ അസോസിയേറ്റ് ഡീൻ പ്രൊഫ. മോഹൻ ജേക്കബ് പ്രഭാഷണം നടത്തും. റേഡിയോ ഫ്രീക്വൻസി* (RF) *പ്ലാസ്മ, മൈക്രോവേവ് പ്ലാസ്മ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗ്രാഫീൻ നിർമിക്കുന്നതിന്റെ മെച്ചങ്ങളും പാരിസ്ഥിതിക നേട്ടങ്ങളും ചർച്ച ചെയ്യപ്പെടും. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.*

*(പി.ആർ.ഒ/39/114/2026)*

## എംജി യിൽ റഗുലർ ഫുൾ ടൈം/പാർട്ട് ടൈം ഹ്രസ്വകാല പ്രോഗ്രാമുകൾ

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡാസ്പ്) നടത്തുന്ന വിവിധ ഫുൾ ടൈം/പാർട്ട് ടൈം ഹ്രസ്വകാല പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് ഇൻ പ്രൊഫഷണൽ ബേക്കറി ആൻഡ് കൺഫെക്ഷണറി ആർട്സ് എന്ന ഹ്രസ്വകാല തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന ഫുൾ ടൈം പ്രോഗ്രാമിലേക്ക് മാർച്ച് അഞ്ചു വരെ അപേക്ഷിക്കാം. യോഗ്യത-പ്ലസ്ടു. കോഴ്സ് ദൈർഘ്യം ആറുമാസം. ഫീസ് 25000 രൂപ. പാർട്ട് ടൈം പ്രോഗ്രാമുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ*

*ംംം.റമു.ാഴൗ.മര.ശി എന്ന വെബ്സൈന്തിൽ. ഇമെയിൽ: റമു@ാഴൗ.മര.ശി*
*ഫോൺ- 8078786798, 0481 2733292*

*(പി.ആർ.ഓ/39/115/2026)*

## അപേക്ഷാ തീയതി നീട്ടി

*മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ* (CDOE) *നടത്തുന്ന ഓൺലൈൻ ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ കോഴ്സിലേയ്ക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഫെബ്രുവരി 21 വരെ നീട്ടി. എംജി സർവകലാശാലയുടെ ബി.കോം. ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ്. കോഴ്സ് ഫീസ് 6000 രൂപ. അപേക്ഷ ഫീസ് 1000 രൂപ. പ്രായപരിധി ഇല്ല. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും* www.cdoe.mgu.ac.in *എന്ന*

*വെബ്സൈന്ത് സന്ദർശിക്കുക.*

*(പി.ആർ.ഓ/39/116/2026)*

## എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിങ് ഡിസബിലിറ്റി); ഫെബ്രുവരി 16 വരെ അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ 2025-2026 അക്കാദമിക് വർഷം മുതൽ മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷനിൽ ആരംഭിക്കുന്ന എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിങ് ഡിസബിലിന്നി) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. സീന്നുകളുടെ എണ്ണം 10. അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 16. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് വെബ്സൈന്ത്* (www.mgu.ac.in ) *സന്ദർശിക്കുക.*

*(പി.ആർ.ഓ/39/117/2026)*

## പരീക്ഷാകേന്ദ്രം അനുവദിച്ചു

*ഫെബ്രുവരി 16 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം സിബിസിഎസ്എസ് (2012 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് / 2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പ്രൈവന്ത് രജിസ്ട്രേഷൻ ഏപ്രിൽ 2025 പരീക്ഷക്ക് കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട് . വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രമായി അനുവദിച്ച കോളേജിൽ നിന്നും ഹാൾ ടിക്കന്ത് വാങ്ങി അവിടെത്തന്നെ പരീക്ഷക്ക് ഹാജരാക്കേണ്ടതാണ്.*

*(പി.ആർ.ഓ/39/118/2026)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ എം.എസ്.സി. ജിയോളജി (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ് / 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് / 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ് ) ഡിസംബർ 2025 -ൻറെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 17 ന് നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.*

*(പി.ആർ.ഓ/39/119/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ